**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1102** **24-02-2022 - ല്‍ മറുപടിയ്ക്ക്**

**പയ്യന്നൂര്‍ തീയേറ്റര്‍ കോംപ്ലക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനന്‍** | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പയ്യന്നൂര്‍ തീയേറ്റര്‍ കോംപ്ലക്സ് പ്രവര്‍ത്തനം എപ്പോള്‍ പൂര്‍ത്തീകരിക്കാന്‍ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (എ) | പയ്യന്നൂര്‍ തിയേറ്റര്‍ കോംപ്ലക്സിന്റെ സിവില്‍, എം.ഇ.പി (മെക്കാനിക്കല്‍, ഇലക്ട്രിക്കല്‍, പ്ലമ്പിംഗ്) നിര്‍മ്മാണ ജോലികള്‍ ഏപ്രില്‍ മാസം അവസാനത്തോട്ടു കൂടി പൂര്‍ത്തീകരിക്കുവാന്‍ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. തുടര്‍ന്ന് പ്രസ്തുത പ്രോജക്റ്റിന്റെ തിയേറ്റര്‍ എഞ്ചിനീയറിംഗ് വര്‍ക്കുകള്‍ പൂര്‍ത്തീകരിക്കുവാന്‍ കുറഞ്ഞത് മൂന്നുമാസ കാലയളവ് വേണ്ടിവരും. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂര്‍ത്തീകരിക്കുന്നതിന് നിലവില്‍ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ? | (ബി) | നിലവില്‍ നഗരസഭയില്‍ നിന്നും ലഭിച്ച 50 സെന്റ് സ്ഥലം പാര്‍ക്കിംഗ് സൗകര്യം ഒരുക്കുന്നതിന് പര്യാപ്തമല്ലാത്തതിനാല്‍, 20 സെന്റ് സ്ഥലം കൂടി ലഭ്യമാക്കുന്നതിനായുള്ള നടപടികള്‍ പുരോഗമിച്ചു വരുന്നു. ഈ സ്ഥലം ലഭ്യമായി, മറ്റ് നിയമാനുസൃത ഏജന്‍സികളില്‍ നിന്നു അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തിയേറ്റര്‍ പ്രവര്‍ത്തന സജ്ജമാക്കുന്നതാണ്. |

സെക്ഷന്‍ ഓഫീസര്‍